# പതിനാലാം കേരള നിയമസഭ

## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4964** **27/10/2016-ൽ മറുപടിയ്ക്ക്**

**ഇരട്ട വീട്ടുകൾ ഒറ്റ വീടാക്കുന്ന പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഫിഷറീസ് കോളനിയിലെ ഇരട്ട വീട്ടുകൾ ഒറ്റ വീടാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന നടപ്പിലാക്കിയ ഫിഷറീസ് കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി ഫിഷറീസ് കോളനിയിൽ 6 വീട്ടുകൾക്ക് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 12 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയ്ക്കായി അപേക്ഷ ക്ഷണിച്ചെങ്കിലും അവകാശികൾ സ്വന്തം പേരിൽ ഭൂമി പതിച്ചു നൽകണമെന്നും ഭവന നിർമ്മാണ ധനസഹായം 4 ലക്ഷം രൂപയാക്കി ഉയർത്തണമെന്നും ആവശ്യം ഉന്നയിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണ കാലാവധി 30.09.2016-ൽ അവസാനിച്ചിരിക്കുകയാണ്. |
| ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ബി) | വാടാനപ്പിള്ളി ഫിഷർമെൻ കോളനി നിവാസികൾക്ക് 4 സെന്റ് വീതം അളന്നു തിരിച്ചു നൽകുന്നതിന് പട്ടയത്തിന്റെ സ്കെച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാടാനപ്പിള്ളി ഫിഷർമെൻ കോളനിയിലെ വീട്ടുകളുടെ അവകാശികൾക്ക് 4 സെന്റ് വീതം അളന്നു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**